## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3197 — 13-10-2011 -ൽ മറുപടിക്ക്.

### <u>ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന് നടപടി</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; | (എ) | മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്, എക്സൈസ് വകുപ്പ്, ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. സ്കൂളുകളിലും പ്രധാന കവലകളിലും എക്സൈസ് വകുപ്പ് നിർമ്മിച്ച, 'ദുരന്ത ലഹരി' എന്ന പേരിലുള്ള ഒരു ഡോക്യുമെന്ററി പ്രദർശിപ്പിച്ചു വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജമദ്യം, മയക്കുമരുന്ന്, സ്പിരിറ്റ് കടത്ത് എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) | 3878 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്? | (സി) | 1620 കേസുകളിൽ അന്വേഷണം പൂർത്തിയാക്കിട്ടുണ്ട്. |

സെക്ഷൻ ആഫീസർ